ഭരണഭാഷ - മാതൃഭാഷ

# കേരള സർക്കാർ

സംഗ്രഹം

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല - ഫാം അസ്സിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നിയമന രീതി, ശമ്പള സ്കെയിൽ, യോഗ്യത, വയസ് എന്നിവ നിർണ്ണയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## മൃഗസംരക്ഷണ (എഫ്) വകുപ്പ്

**സ.ഉ.(കൈ) നം.11/2023/എ.എച്ച്.ഡി** തീയതി, തിരുവനന്തപുരം, **18/04/2023**

---

പരാമർശം :-1. സ.ഉ(കൈ) നം.7/2016/ ഉ.വി.വ തീയതി 26/02/2016.

2. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 09/05/2017-ലെ A111(2)/9081/15/CW നമ്പർ കത്ത്.
3. സ.ഉ (കൈ) നം.37/2020/ഉ.വി.വ തീയതി 06/11/2020.
4. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല രജിസ് ട്രാറുടെ 07/04/2020-ലെ കെ.വി.എ.എസ്.യു/ജി.എ./എ 3/15013/2018 നമ്പർ കത്ത് .

## ഉത്തരവ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല ആക്ട് 2010 (ആക്ട് 3 ഓഫ് 2011) പ്രകാരം സർവകലാശാലകളിലെ എല്ലാ അനധ്യാപക തസ്തികകളിലെയും നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിയമനം വിട്ടു നൽകിയിട്ടുള്ള തസ്തികകളിലേക്ക് നിയമന നടപടികൾ ആരംഭിക്കുന്നതിന് അത്തരം തസ്തികകളുടെ യോഗ്യത, പ്രായം, നിയമന രീതി എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള സവിശേഷ ചട്ടങ്ങൾ / എക്സിക്യൂട്ടീവ് ഉത്തരവുകൾ ആവശ്യമാണെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (2) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. സർവകലാശാലകളിലെ പ്രവേശന കേഡറിൽ ഉൾപ്പെടുന്ന 18 അനദ്ധ്യാപക തസ്തികകളിലേക്ക് നിയമനത്തിനുള്ള എക്സിക്യൂട്ടിവ് ഉത്തരവുകൾ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിലെ ഫാം അസ്സിസ്റ്റന്റ് തസ്തിക ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, വെറ്ററിനറി സർവകലാശാലയിലെ ഫാം അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിലേക്കായി എക്സിക്യൂട്ടിവ് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(മറുപുറം)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിലെ ഫാം അസ്സിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നിയമന രീതി, ശമ്പള സ്കെയിൽ, യോഗ്യത, വയസ് എന്നിവ നിർണ്ണയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | തസ്തിക | നിയമന രീതി | ശമ്പള സ്കെയിൽ | അടിസ്ഥാന യോഗ്യത | പ്രായപരിധി | നിയമന അധികാരി |
|---|---|---|---|---|---|---|
| 1. | ഫാം അസിസ്റ്റന്റ് ഗ്രേഡ് II (വെറ്ററിനറി) | നേരിട്ടുള്ള നിയമന രീതി | 27900-63700 | 1) പ്ലസ് ടു യോഗ്യത അഥവാ തത്തുല്യ യോഗ്യത.<br>2) പൗൾട്രി പ്രൊഡക്ഷൻ /ഡയറി സയൻസ്/ ലബോറട്ടറി ടെക്നിക്സ് എന്നിവയിലെ ഡിപ്ലോമ<br>അല്ലെങ്കിൽ<br>3) ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള ബി.എസ്.സി പി.പി ബി.എം. ബിരുദം | 18-36 വയസ് (പട്ടിക ജാതി/പട്ടിക വർഗം മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾ എന്നിവർക്കുള്ള സാധാരണ ഇളവുകൾ ബാധകം) | രജിസ്ട്രാർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)
**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
**സെക്രട്ടറി**

പകർപ്പ്:

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം , തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല, പൂക്കോട്
രജിസ്ട്രാർ, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ, പേരൂർക്കട, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ് 1 &2), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ  കെ.വി.എ.എസ്.യു/ജിഎ/എ 3/15013/2018,   തീയതി :   18/05/2023

സർവ്വകലാശാലയിലെ ഫാം അസിസ്റ്റന്റ് Gr.II തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി ഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവ് എല്ലാ സ്റ്റേഷൻ/ഓഫീസ് മേധാവികളുടെയും അറിവിലേക്കായി അയയ്ക്കുന്നു. സ്റ്റാറ്റ്യൂട്ട് പ്രകാരം നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സർവ്വകലാശാല നടപടിക്ക് ആവശ്യമായ പ്രചാരം ലഭിക്കുന്നതിന് എല്ലാ ഓഫീസ് നോട്ടീസ് ബോർഡുകളിലും വിവരം പ്രദർശിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജോയിന്റ് രജിസ്ട്രാർ**
**രജിസ്ട്രാർക്കു വേണ്ടി**

സ്വീകർത്താവ് : എല്ലാ ഓഫീസ്/സ്റ്റേഷൻ മേധാവികളും
പകർപ്പ് : സർവ്വകലാശാല വെബ്സൈറ്റ്